**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നമ്പർ 5735 — 03/11/2016- ൽ മറുപടിയ്ക്ക്.

**ക്ഷീര കർഷകർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ രാമചന്ദ്രൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) മിൽമ, പാലിനുവേണ്ടി ഇപ്പോൾ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ആശ്രയിക്കുന്നുണ്ട്. കേരളത്തിൽ നിന്നും സംഭരിക്കുന്ന പാലിന് പുറമെ പ്രധാനമായും തമിഴ്നാട് കർണ്ണാടകം എന്നീ സംസ്ഥാനങ്ങളിൽ നിന്നുമാണ് കേരളത്തിലേയ്ക്ക് പാൽ കൊണ്ടുവരുന്നത്. മിൽമയുടെ പ്രതിദിനം വിപണനം 13 ലക്ഷം ലിറ്റർ ആണ്. ആഭ്യന്തര വിപണിയിൽ നിന്നും ലഭിക്കുന്ന പാൽ വിപണനത്തിന് തികയാത്തതിനാൽ അന്യ സംസ്ഥാനങ്ങളിലെ സഹകരണ ക്ഷീര ഫെഡറേഷനുകൾ മുഖേന ഏകദേശം 2.6 ലക്ഷം ലിറ്റർ പാൽ മിൽമ സ്വീകരിക്കുന്നുണ്ട്. |
| (ബി) കേരളത്തിലെ ക്ഷീര കർഷകർക്ക് ലഭിക്കുന്ന പാൽവില അവരുടെ ഉത്പാദന ചെലവിനനുസരിച്ച് പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; പാലിന് മെച്ചപ്പെട്ട വിലയും കർഷകന് മെച്ചപ്പെട്ട ആനുകൂല്യങ്ങളും നൽകി ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദീകരിക്കുമോ? | (ബി) പരിശോധിച്ചിട്ടുണ്ട്. ക്ഷീരകർഷകർക്ക് പരമാവധി പാൽ വില ലഭിക്കുന്നതിനായി നിലവിലുള്ള പാൽ വില ചാർട്ട് പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ആയതിനെക്കുറിച്ച് പഠിക്കുന്നതിന് NDRI (നാഷണൽ ഡയറി റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്)-യെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പാലിന്റെ സംഭരണ വില നിശ്ചയിക്കുമ്പോൾ കർഷകർക്ക് ഏറ്റവും പ്രയോജനപ്പെടുന്ന രീതിയിലാണ് മിൽമ തീരുമാനം കൈക്കൊള്ളുന്നത്. ഇതോടൊപ്പം തന്നെ മിൽമയുടെ മേഖല യൂണിയനുകൾ അവരുടെ പ്രവർത്തന ലാഭത്തിൽ നിന്നും ഇൻസെന്റീവ്, കാലിത്തീറ്റ സബ്സിഡി തുടങ്ങിയ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.